ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1051

# സൂറ – 34 / സബഅ്

## സൂക്തം: 02 – 04

മരണാനന്തരം മണ്ണിൽ കുഴിച്ചുമൂടപ്പെടുന്ന ജഡം മണ്ണായി മണ്ണിൽ ലയിച്ചുചേരുന്നു. മണ്ണിനടിയിലെ നീരൊഴുക്കിൽ അതിന്റെ അംശങ്ങൾ പലയിടങ്ങളിലായി ചിതറിപ്പോകുന്നു. മറമാടപ്പെടാത്തവ ദ്രവിച്ച് ധൂളീമയമാകുന്നു. കാറ്റ്, മഴ തുടങ്ങിയ പ്രതിഭാസങ്ങളിലൂടെ അതും അതിന്റെ കണികകളും പല ഭാഗത്തായി ഛിന്നിച്ചിതറുന്നു. ഈ ഘടകങ്ങളൊക്കെ ശേഖരിച്ച് മനുഷ്യനെ പുനഃസൃഷ്ടിക്കുന്നതിരിക്കട്ടെ ഓരോ വ്യക്തിയുടെയും ഓരോ ഘടകവും എവിടെയാണ് കിടക്കുന്നതെന്ന് അറിയാൻ പോലും ആർക്കാണ് കഴിയുക?

يَعْلَمُ مَا يَلِجُ فِي ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۚ وَهُوَ ٱلرَّحِيمُ ٱلْغَفُورُ ﴿٢﴾

2. മണ്ണിലാണ്ടിറങ്ങുന്നതും അതിൽനിന്ന് ബഹിർഗമിക്കുന്നതും മാനത്തുനിന്ന് അവരോഹണം ചെയ്യുന്നതും അതിലേക്ക് ആരോഹണം ചെയ്യുന്നതും അവൻ അറിയുന്നു. അവൻ പരമദയാലുവും ഏറ്റം പൊറുക്കുന്നവനുമല്ലോ.

**2**

يَعْلَمُ = അവൻ അറിയുന്നു مَا يَلِجُ = പ്രവേശിക്കുന്നത്, നൂണ്ടുകടക്കുന്നത് (ആണ്ടിറങ്ങുന്നത്)

فِي الْأَرْضِ = ഭൂമിയി(മണ്ണി)ൽ وَمَا يَخْرُجُ مِنْهَا = അതിൽനിന്ന് പുറപ്പെടു(ബഹിർഗമിക്കു)ന്നതും

وَمَا يَنزِلُ مِنَ السَّمَاءِ = മാനത്തുനിന്ന് അവരോഹണം ചെയ്യുന്നതും

وَمَا يَعْرُجُ فِيهَا = അതിലേക്ക് ആരോഹണം ചെയ്യുന്നതും

وَهُوَ الرَّحِيمُ = അവൻ കാരുണിക(നും)നാകുന്നു الْغَفُورُ = ഏറ്റം പൊറുക്കുന്ന(വനുമല്ലോ)വനായ

അല്ലാഹു യുക്തിമാനും അഗാധജ്ഞനുമാകുന്നു - وَهُوَ الْحَكِيمُ الْخَبِيرُ- എന്നു പറഞ്ഞതിന്റെ വിശദീകരണമാണിത്. പ്രപഞ്ചത്തിന്റെ ഓരോ കണികയും അവൻ യുക്തിയുക്തമായി സംവിധാനിച്ചിട്ടുള്ളതാണ്. ഓരോ അണുവിനെക്കുറിച്ചും ഓരോ അണുവിന്റെയും ഓരോ അനക്കത്തെക്കുറിച്ചും അവന് ആഴത്തിൽ അറിയാം:
إِن تُبْدُوا شَيْئًا أَوْ تُخْفُوهُ فَإِنَّ اللَّهَ كَانَ بِكُلِّ شَيْءٍ عَلِيمًا ﴿٥٤﴾(ഒരു കാര്യം നിങ്ങൾ വെളിപ്പെടുത്തിയാലും ഒളിച്ചുവെച്ചാലും അല്ലാഹു ഒക്കെയും അറിയുന്നു - 33:54).
وَإِن تُبْدُوا مَا فِي أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ اللَّهُ (നിങ്ങളുടെ മനസ്സിലുള്ളത് വെളിപ്പെടുത്തിയാലും മറച്ചുവെച്ചാലും അല്ലാഹു അതേക്കുറിച്ച് നിങ്ങളെ വിചാരണ ചെയ്യുന്നതാകുന്നു - 2:284).
وَعِندَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ ۚ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِي ظُلُمَاتِ الْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِي كِتَابٍ مُّبِينٍ ﴿٥٩﴾

(അതിഭൗതിക രഹസ്യങ്ങളുടെ താക്കോലുകൾ അവന്റെ പക്കലാകുന്നു. അവനല്ലാതാരും അതറിയുന്നില്ല. കരയിലും കടലിലുമുള്ളതൊക്കെയും അവൻ അറിയുന്നു. അവനറിയാതെ മരത്തിൽനിന്ന് ഒരില കൊഴിയുന്നുപോലുമില്ല. അവനറിയാതെ മണ്ണിന്റെ ഇരുട്ടറകളിൽ ഒരു ധാന്യമണിയും ഇല്ല. പച്ചയും ഉണങ്ങിയതുമെല്ലാം ഒരു തെളിഞ്ഞ ഗ്രന്ഥ

ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു - 6:59).

ദൈവജ്ഞാനത്തിന്റെ അപാരത ഈ വിധം ഖുർആൻ അനേക തവണ ആവർത്തിച്ചു പറയുന്നുണ്ട്. അല്ലാഹുവിന്റെ മഹത്വം വർണിക്കുന്നതോടൊപ്പം ഏകത്വം ഊന്നിയുറപ്പിക്കുകയും മുശ്‌രിക്കുകളെ ബഹുദൈവാരാധനക്ക് പ്രചോദിപ്പിക്കുന്ന ഗുരുതരമായ തെറ്റിദ്ധാരണകൾ ദൂരീകരിക്കുക കൂടിയാണതിന്റെ ലക്ഷ്യം. സൂക്ഷ്മവും സ്ഥൂലവുമായ എണ്ണമറ്റ ഘടകങ്ങളുടെ സങ്കീർണസമുച്ചയമാണ് പ്രപഞ്ചം. അതിലെ ഓരോ സൃഷ്ടിയുടെയും വാക്കും ചലനവും സുഖദുഃഖങ്ങളുമെല്ലാം ഒരേസമയം അറിയാനും നിയന്ത്രിക്കാനും അല്ലാഹുവിനു കഴിയുകയില്ല, അതുകൊണ്ട് സൃഷ്ടിപ്രപഞ്ചത്തിന്റെ വിവിധ വകുപ്പുകൾ അവൻ വിവിധ ഉപദൈവങ്ങളെ ഏൽപിച്ചിരിക്കുന്നു; കാറ്റിനും മഴക്കും ഒരു ദൈവം, കാർഷിക കാര്യങ്ങൾക്ക് മറ്റൊരു ദൈവം, വിദ്യക്കും സമ്പൽസമൃദ്ധിക്കും വെവ്വേറെ ദൈവങ്ങൾ...... മനുഷ്യൻ ഓരോ പ്രശ്നത്തിനും അവലംബിക്കേണ്ടത് ആ പ്രശ്നം കൈകാര്യം ചെയ്യുന്ന ദേവീദേവന്മാരെയാണ്; ലക്ഷ്മി ദേവിയെ പൂജിച്ചു പ്രസാദിപ്പിച്ചാൽ സമ്പത്ത് വർധിക്കും, സരസ്വതിയെ പ്രസാദിപ്പിച്ചാൽ വിദ്യയേറും, ജലസമൃദ്ധിക്ക് വരുണൻ. ജാഹിലീ അറബികൾ ജിന്നുകളെ വാനലോകത്തുനിന്ന് അദൃശ്യവിവരങ്ങൾ എത്തിച്ചുതരുന്നവരായി കരുതി പൂജിച്ചിരുന്നു. പരമേശ്വരനോട് സൃഷ്ടികൾക്കുവേണ്ടി ശിപാർശ ചെയ്ത് കാര്യങ്ങൾ സാധിപ്പിച്ചുകൊടുക്കുന്ന ദേവീദേവന്മാരായിരുന്നു അവർക്ക് മലക്കുകൾ. ഇത്തരം അന്ധവിശ്വാസങ്ങളെയെല്ലാം നിഷേധിച്ചുകൊണ്ട് പറയുകയാണ്: സൂക്ഷ്മവും സ്ഥൂലവുമായ സകല കാര്യങ്ങളും സ്വയം അറിയുകയും തീരുമാനിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവനാണ് അല്ലാഹു. അവന് പങ്കാളികളോ സഹകാരികളോ ഇല്ല. അവരുടെയൊന്നും ആവശ്യവുമില്ല.

സൃഷ്ടികളുടെ പ്രാർഥനകളും ആവലാതികളും നേരിട്ടു കേൾക്കുന്നതിനതീതമായ ഭയങ്കര സത്യമാണ് അല്ലാഹു എന്ന തെറ്റിദ്ധാരണയും പൂർവകാലത്തുണ്ടായിരുന്നു. ഇതും ആവലാതികൾ സമർപ്പിക്കാൻ ഉപദൈവങ്ങളെ സങ്കൽപിക്കുന്നതിന് ആളുകളെ പ്രേരിപ്പിച്ച മുഖ്യഘടകങ്ങളിലൊന്നാണ്. ഈ അന്ധവിശ്വാസത്തെ നിഷേധിച്ചുകൊണ്ട് അല്ലാഹു എല്ലാം പൊറുക്കുന്നവനും അത്യുദാരനുമാണെന്ന് വ്യക്തമാക്കുകയാണ് وَهُوَ الْغَفُورُ الرَّحِيمُ. കാരുണ്യത്തിനും അനുഗ്രഹത്തിനും വേണ്ടിയും പാപങ്ങൾ പരിഹരിച്ചുകിട്ടാനും പ്രാർഥിക്കേണ്ടത് അവനോടു മാത്രമാണ്. മറ്റാർക്കും അതിന് അധികാരമോ കഴിവോ ഇല്ല. പ്രപഞ്ചത്തിലെ ഓരോ കണികയെക്കുറിച്ചും എല്ലാം അറിയുന്ന അവൻ തന്റെ സൃഷ്ടികളുടെ പ്രാർഥനകൾ കേൾക്കാതിരിക്കുന്നതെങ്ങനെ? അടിമകളുടെ കുറ്റങ്ങളും കുറവുകളും പൊറുത്തുകൊടുക്കുന്ന ദയാമയനുമാണവൻ. രൗദ്രതയല്ല, കരുണയാണ് അവന്റെ സ്ഥായീഭാവം; كَتَبَ عَلَىٰ نَفْسِهِ الرَّحْمَةَ (കാരുണ്യം അവന്റെ സത്തയിൽ രേഖപ്പെടുത്തിയിരിക്കുന്നു - 6:12).

ഈ സൂക്തം 'മണ്ണിലേക്കാണ്ടിറങ്ങുന്നത്'- مَا يَلِجُ فِي الْأَرْضِ - എന്ന വാക്കിലൂടെ സൂചിപ്പിക്കുന്നത് മണ്ണിൽ മറയുന്ന മഴവെള്ളവും വൃക്ഷലതാദികളുടെ വിത്തുകളും മൺമറയുന്ന ശവങ്ങളും ഭൂതലത്തിൽനിന്ന് മണ്ണിനടിയിലേക്കാണ്ട് അവിടെ കിടന്ന് കൽക്കരി, പെട്രോളിയം തുടങ്ങിയ ഖനിജങ്ങളായിത്തീരുന്ന പദാർഥങ്ങളും ആകുന്നു. ജലവും കാർഷിക വിളകളും ഖനിജങ്ങളുമൊക്കെയാണ് മണ്ണിൽനിന്ന് ബഹിർഗമിക്കുന്നവ -مَا يَخْرُجُ مِنْهَا- മുകളിൽനിന്നിറങ്ങുന്ന മഞ്ഞും മഴയും ചൂടും വെളിച്ചവും തണുപ്പും ദിവ്യവെളിപാടുകളും മലക്കുകളുമെല്ലാം 'മാനത്തുനിന്നിറങ്ങുന്നവ' - وَمَا يَنْزِلُ مِنَ السَّمَاءِ -ആകുന്നു. നീരാവി, ധൂമം, മനുഷ്യരുൽപാദിപ്പിക്കുന്ന പലതരം വാതകങ്ങൾ, വിമാനങ്ങൾ, മിസൈലുകൾ, റോക്കറ്റുകൾ എന്നിവ കൂടാതെ മനുഷ്യരുടെ കർമങ്ങളും മലക്കുകളുമെല്ലാം മാനത്തേക്കുയർന്നുകൊണ്ടിരിക്കുന്നവ -وَمَا يَعْرُجُ فِيهَا- യാണ്. ഈ നാലു വിഭാഗങ്ങളിലും ഇനിയും മനുഷ്യരുടെ അറിവിലും അനുമാനത്തിലും പെട്ടിട്ടില്ലാത്തതും അല്ലാഹുവിന്റെ അറിവിൽ മാത്രമുള്ളതുമായ നിരവധി പ്രതിഭാസങ്ങൾ വേറെയുമുണ്ടായിരിക്കും. മണ്ണിനടിയിലേക്കാണ്ടുപോകുന്നതും മാനത്തേക്ക് കയറിപ്പോകുന്നതും അറിയുന്നവൻ ഭൂതലത്തിൽ ചരിക്കുന്ന ജന്തുജാലങ്ങളെയും, ഭൂമിക്കും ആകാശത്തിനുമിടയിൽ സ്ഥിതിചെയ്യുന്ന ഗ്രഹോപഗ്രഹങ്ങളെയും അറിയുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ല. وَمَا يَعْرُجُ فِيهَا എന്നതിന്റെ പദാർഥം 'അതിൽ കയറിപ്പോകുന്നത്' എന്നാണ്. ഇവിടെ فِيهَا ഉപയോഗിച്ചിരിക്കുന്നത് اليها - 'അതിലേക്ക്' എന്ന അർഥത്തിലാണെന്ന് മുഫസ്സിറുകൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ആ നിഗമനം സൂക്ഷ്മമല്ലെന്നാണ് അല്ലാമാ ശഅ്‌റാവിയെപ്പോലുള്ളവരുടെ നിലപാട്. ആരോഹണത്തിന്റെ അന്തിമലക്ഷ്യം ആകാശമാണെങ്കിലേ اليها എന്ന പ്രയോഗം കൃത്യമാകൂ. ആകാശത്തേക്ക് കയറിപ്പോകുന്നത് യഥാർഥത്തിൽ എത്തിച്ചേരുന്നത് അല്ലാഹുവിങ്കലാണ്. *അൽഫാത്വിർ* 10-ാം സൂക്തത്തിൽ പറഞ്ഞു: إِلَيْهِ يَصْعَدُ الْكَلِمُ الطَّيِّبُ وَالْعَمَلُ الصَّالِحُ يَرْفَعُهُ (സദ്‌വചനം അവങ്കലേക്ക് ആരോഹണം ചെയ്യുന്നു. സൽക്കർമം അതിനെ മേലോട്ടുയർത്തുന്നു). അല്ലാഹുവിങ്കലേക്കെത്തുന്നതിനുള്ള മാധ്യമം മാത്രമാണ് ആകാശം. അതിനാൽ ഇവിടെ مَا يَعْرُجُ فِيهَا എന്നതിന് അകാശത്തിലേക്ക് ആരോഹണം ചെയ്യുന്ന എന്നുമാത്രമല്ല, ആകാശത്തിൽ ആരോഹണം ചെയ്യുന്ന എന്ന അർഥം കൂടിയുണ്ട്. ●

---

وَقَالَ الَّذِينَ كَفَرُوا لَا تَأْتِينَا السَّاعَةُ ۖ قُلْ بَلَىٰ وَرَبِّي لَتَأْتِيَنَّكُمْ عَالِمِ الْغَيْبِ ۖ لَا يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِي السَّمَاوَاتِ وَلَا فِي الْأَرْضِ وَلَا أَصْغَرُ مِنْ ذَٰلِكَ وَلَا أَكْبَرُ إِلَّا فِي كِتَابٍ مُبِينٍ ﴿٣﴾

3. സത്യധർമങ്ങൾ നിഷേധിച്ചു വാഴുന്നവർ പറയുന്നു: നമുക്ക് ഉയിർത്തെഴുന്നേൽപൊന്നും സംഭവിക്കാൻ പോകുന്നില്ല. പ്രവാചകൻ അവരോട് പറയുക: ഒരിക്കലും അതല്ല സത്യം. എന്റെ നാഥനാണ, അതു നിങ്ങളിൽ വന്നു ഭവിക്കുക തന്നെ ചെയ്യും. എന്റെ നാഥൻ അതിഭൗതിക യാഥാർഥ്യങ്ങളറിയുന്നവനാകുന്നു. വാനലോകത്തും ഭൂമിയിലുമുള്ളതൊന്നും അണു അളവ് പോലും അവന്റെ ജ്ഞാനത്തിൽനിന്ന് മറഞ്ഞിരിക്കുന്നില്ല. അണുവിനേക്കാൾ ചെറുതുമില്ല, വലുതുമില്ല. എല്ലാം ഒരു തെളിഞ്ഞ പുസ്തകത്തിൽ രേഖപ്പെട്ടിട്ടല്ലാതെ.

3

وَقَالَ الَّذِينَ كَفَرُوا = (സത്യധർമങ്ങൾ) നിഷേധിച്ച(ച്ചു വാഴുന്ന)വർ പറഞ്ഞു

لَا تَأْتِينَا = നമുക്ക് വരു(സംഭവിക്കാൻ പോകു)ന്നില്ല السَّاعَةُ = ആ സമയം (ഉയിർത്തെഴുന്നേൽപൊന്നും)

قُلْ = (പ്രവാചകൻ അവരോടു) പറയുക بَلَىٰ = ഒരിക്കലും (അത്) അല്ല (സത്യം)

وَرَبِّي = എന്റെ നാഥനാണ لَتَأْتِيَنَّكُمْ = അതു നിങ്ങൾക്കു വരിക (വന്നു ഭവിക്കുക) തന്നെ ചെയ്യും

عَالِمِ الْغَيْبِ = അദൃശ്യം അറിയുന്നവനായ (എന്റെ നാഥൻ അതിഭൗതിക യാഥാർഥ്യങ്ങളറിയുന്നവനാകുന്നു)

لَا يَعْزُبُ عَنْهُ = അവനി(ന്റെ ജ്ഞാനത്തി)ൽനിന്ന് മറഞ്ഞിരിക്കുന്നില്ല مِثْقَالُ ذَرَّةٍ = ഒരു അണു അളവ് (പോലും)

فِي السَّمَاوَاتِ وَلَا فِي الْأَرْضِ = വാനലോകത്തിലും ഇല്ല ഭൂലോകത്തിലും ഇല്ല (ഉള്ളത് ഒന്നും)

وَلَا أَصْغَرُ مِن ذَٰلِكَ = അതിനേക്കാൾ ചെറുതുമില്ല وَلَا أَكْبَرُ = വലുതുമില്ല

إِلَّا فِي كِتَابٍ مُّبِينٍ = (എല്ലാം) ഒരു തെളിഞ്ഞ പുസ്തകത്തിൽ (രേഖപ്പെട്ടിട്ട്) അല്ലാതെ

പരലോകത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും ആഗമനത്തിനുള്ള ന്യായമായിട്ടാണ് മുൻസൂക്തങ്ങളിൽ അല്ലാഹുവിന്റെ യുക്തിദീക്ഷയെയും സൂക്ഷ്മ ജ്ഞാനത്തെയും പരാമർശിച്ചത്. സൂറ *അൽ അഹ്സാബ്* 63-ാം സൂക്തം ലോകാവസാനം എന്നാണ് സംഭവിക്കുക എന്ന അവിശ്വാസികളുടെ ചോദ്യം ഉദ്ധരിക്കുന്നുണ്ട്. ആ ചോദ്യം അറിവ് തേടലല്ല, പരിഹസിക്കലാണ് എന്ന് ഈ സൂക്തം സൂചിപ്പിക്കുന്നു. യഥാർഥത്തിൽ ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുകയാണവർ. അതുകൊണ്ടാണിവിടെ ലോകാവസാനവും ഉയിർത്തെഴുന്നേൽപുമൊന്നും നമുക്ക് വരുന്നില്ല -لَا تَأْتِينَا السَّاعَةُ- എന്നു തന്നെ അവരെ ഉദ്ധരിച്ചത്.

ഈ പരലോകനിഷേധികൾക്ക് മറുപടി നൽകാൻ അല്ലാഹു പ്രവാചകനോട് കൽപിക്കുകയാണ്: 'ഒരിക്കലും നിങ്ങൾ പറയുന്നതല്ല സത്യം. എന്റെ നാഥനാണ, ലോകാവസാനം നിങ്ങളിൽ വന്നു ഭവിക്കുക തന്നെ ചെയ്യും.' അത് ഏതു തീയതിക്കാണ് സംഭവിക്കുക, എങ്ങനെയാണ് നടപ്പിലാവുക, ആരാണ് നടപ്പിലാക്കുക എന്നൊന്നും പറയാൻ എനിക്ക് കഴിയില്ല. ഒരു നാൾ ഈ ഭൗതിക ലോകം അവസാനിക്കുമെന്ന് മുന്നറിയിപ്പു നൽകാനേ എനിക്കു കഴിയൂ. അത് എപ്പോൾ, എങ്ങനെ എന്നൊക്കെയുള്ളത് അതിഭൗതികജ്ഞൻ -عَالِمِ الْغَيْبِ- ആയ പ്രപഞ്ചവിധാതാവിനു മാത്രമേ അറിയൂ. ഒരു സംഗതി എപ്പോൾ സംഭവിക്കുമെന്നറിയായ്ക അത് സംഭവ്യമല്ല എന്നതിനു തെളിവാകുന്നില്ല. ആധുനികകാലത്ത് പരലോകനിഷേധികളായ ഭൗതിക ശാസ്ത്രജ്ഞന്മാർ പോലും ഈ ലോകം അതിന്റെ അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കുന്നുണ്ട്. بَلَىٰ എന്ന ശബ്ദം തൊട്ടു മുമ്പുള്ള നിഷേധത്തിന്റെ (لَا تَأْتِينَا السَّاعَةُ) ശക്തമായ നിഷേധമാണ്. وَرَبِّي എന്ന ശപഥ വചനം അതിനെ കൂടുതൽ ഊന്നിയിരിക്കുന്നു. അനന്തരം لَتَأْتِيَنَّكُمْ എന്നതിന്റെ മുന്നിലുള്ള لَ-യും പിന്നിലുള്ള نّ-ഉം അതിന്റെ വരവിനെ (വരികതന്നെ ചെയ്യും) എന്ന് പിന്നെയും ഉറപ്പിക്കുകയാണ്: عَالِمِ الْغَيْبِ.......... مُّبِينٍ എന്ന വചനം അതു വന്നേ തീരൂ എന്നതിന്റെ ന്യായമാണ്; ഒപ്പം അവിശ്വാസികൾ ഉന്നയിച്ചുകൊണ്ടിരുന്ന ഒരു ചോദ്യത്തിനുള്ള മറുപടിയും.

സർവജ്ഞനും സൂക്ഷ്മജ്ഞനും യുക്തിമാനുമായ അല്ലാഹു സ്വാതന്ത്ര്യവും വിവേചന ശക്തിയും ഉത്തരവാദിത്വബോധവുമുള്ള ഒരു സൃഷ്ടിയെ സൃഷ്ടിച്ചുവിട്ടിട്ട്, ആ സൃഷ്ടി അതിനു ലഭിച്ച മഹത്തായ ഗുണങ്ങളെ എങ്ങനെ സമീപിച്ചുവെന്ന് പരിശോധിക്കുകയും അവരുടെ സമീപനം താൽപര്യപ്പെടുന്ന പരിണതികളിലേക്കെത്തിക്കുകയും ചെയ്യാതിരിക്കുക എന്നത് അല്ലാഹുവിന്റെ ജ്ഞാനത്തിനും യുക്തിക്കും നീതിനിഷ്ഠക്കും വിരുദ്ധമാകുന്നു. പ്രപഞ്ചത്തിലെ ഓരോ അണുവിന്റെയും ഓരോ ചലനവും സൂക്ഷ്മമായി അറിയുന്ന അല്ലാഹുവിന്ന് തന്റെ അറിവിലൂടെയും കഴിവിലൂടെയും ഉളവായ സൃഷ്ടികളിൽ ഒരു സ്വാധീനവുമില്ലാതിരിക്കുക സാധ്യമാണോ?

ഉയിർത്തെഴുന്നേൽപിനെക്കുറിച്ച് പറയുമ്പോൾ അവിശ്വാസികൾ ഉന്നയിക്കാറുള്ള ഒരു ചോദ്യം ഇതായിരുന്നു: മരണാനന്തരം മണ്ണിൽ കുഴിച്ചുമൂടപ്പെടുന്ന ജഡം മണ്ണായി മണ്ണിൽ ലയിച്ചുചേരുന്നു. മണ്ണിനടിയിലെ നീരൊഴുക്കിൽ അതിന്റെ അംശങ്ങൾ പലയിടങ്ങളിലായി ചിതറിപ്പോകുന്നു. മറമാടപ്പെടാത്തവ ദ്രവിച്ച് ധൂളീമയമാകുന്നു. കാറ്റ്, മഴ തുടങ്ങിയ പ്രതിഭാസങ്ങളിലൂടെ അതും അതിന്റെ കണികകളും പല ഭാഗത്തായി ഛിന്നിച്ചിതറുന്നു. ഈ ഘടകങ്ങളൊക്കെ ശേഖരിച്ച് മനുഷ്യനെ പുനഃസൃഷ്ടിക്കുന്നതിരിക്കട്ടെ ഓരോ വ്യക്തിയുടെയും ഓരോ ഘടകവും എവിടെയാണ് കിടക്കുന്നതെന്ന് അറിയാൻ പോലും ആർക്കാണ് കഴിയുക? അതിനു മറുപടിയായി പറയുകയാണ്: അല്ലാഹുവിന് അതൊക്കെ കൃത്യമായി അറിയാം. വാനലോകത്താവട്ടെ, ഭൂലോകത്താവട്ടെ, പ്രാപഞ്ചിക പ്രതിഭാസത്തിൽനിന്ന് ഒരണ അളവ്പോലും അവന്റെ ജ്ഞാനത്തിന് അന്യമാകുന്നില്ല. അണുവിനേക്കാൾ ചെറുതും വലുതുമെല്ലാം അവന്റെ കൺമുമ്പിൽ തന്നെയുണ്ട്. എല്ലാം അവന്റെ പുസ്തകത്തിൽ വ്യക്തമായി രേഖപ്പെട്ടിരിക്കുന്നു. ആ ദൈവിക പുസ്തകത്തിലില്ലാത്തതായി ഈ പ്രപഞ്ചത്തിൽ യാതൊന്നുമില്ല. ഓരോന്നും എവിടെ, എങ്ങനെ സ്ഥിതിചെയ്യുന്നുവെന്നറിയാൻ അവന് ആരുടെയും സഹായം വേണ്ട.

തീക്ഷ്ണമായ വെളിച്ചത്തിലും നിഴലുള്ളിടത്തും നഗ്നദൃഷ്ടിക്ക് ഗോചരമാകാത്ത ധൂളിയാണ് മൗലികമായ അർഥത്തിൽ ذَرَّة. മേൽപുരയുടെ ദ്വാരത്തിലൂടെ താഴോട്ടിറങ്ങുന്ന സൂര്യപ്രകാശത്തിന്റെ വൃത്തത്തിൽ ഇത് കുറേയൊക്കെ കാണാൻ കഴിയും. പൊടി, പദാർഥത്തിന്റെ ഏറ്റം ചെറിയ ഘടകം, തന്മാത്ര, പരമാണു തുടങ്ങിയ അർഥങ്ങളിലും ഈ പദം ഉപയോഗിക്കുന്നു. അണുവാണ് ഇവിടെ ഉദ്ദേശ്യം. ഭാരത്തിന്റെ

അളവാണ് مِثْقَالُ അണു-ആറ്റം- അവിഭാജ്യമാണെന്നായിരുന്നു പൂർവകാല ശാസ്ത്ര നിഗമനം. പിൽക്കാലത്ത് അത് തിരുത്തപ്പെട്ടു. അതിനും എത്രയോ മുമ്പുതന്നെ അണുവിനേക്കാൾ ചെറുത് - أَصْغَرُ مِن ذَٰلِكَ- എന്ന പ്രയോഗത്തിലൂടെ ആറ്റം വിഭാജ്യമാണെന്ന് ഖുർആൻ സൂചിപ്പിച്ചതായി പണ്ഡിതന്മാർ നിരീക്ഷിക്കുന്നു. وَمَا يَعْزُبُ.......مُّبِينٍ എന്ന വാക്യം ചെറിയ വ്യത്യാസത്തോടെ 10:61 സൂക്തത്തിലും വന്നിട്ടുണ്ട്. അവിടെ وَمَا يَعْزُبُ عَن رَّبِّكَ എന്നു പറഞ്ഞ സ്ഥാനത്ത് ഇവിടെ لَا يَعْزُبُ عَنْهُ എന്നായതു മാത്രമാണ് വ്യത്യാസം. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക. ●

---

لِّيَجْزِيَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ ۚ أُولَٰئِكَ لَهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٤﴾

4. സത്യധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് അല്ലാഹു പ്രതിഫലം നൽകേണ്ടതിനത്രെ ഉയിർത്തെഴുന്നേൽപ് സമാഗതമാകുന്നത്. അക്കൂട്ടർക്കുള്ളതത്രെ പാപമുക്തിയും വിശിഷ്ടമായ വിഭവങ്ങളും.

**4**

لِّيَجْزِيَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = സത്യധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്തവർക്ക് അവൻ (അല്ലാഹു) പ്രതിഫലം നൽകുന്നതിനത്രെ (ഉയിർത്തെഴുന്നേൽപ് സമാഗതമാകുന്നത്)
أُولَٰئِكَ لَهُم = അക്കൂട്ടർ, അവർക്കുള്ളതത്രെ مَّغْفِرَةٌ وَرِزْقٌ كَرِيمٌ = പാപമുക്തിയും വിശിഷ്ടമായ വിഭവങ്ങളും

അന്ത്യനാളിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും ലക്ഷ്യമാണ് ഈ സൂക്തം പറയുന്നത്. സത്യധർമങ്ങൾ അംഗീകരിക്കുകയും അത് ആവശ്യപ്പെടുന്ന സൽക്കർമങ്ങൾ ആചരിച്ചു വാഴുകയും ചെയ്തവർക്ക് അവരർഹിക്കുന്ന കർമഫലം-നീതി-ലഭിക്കുന്ന ഇടമാണ് പരലോകം. എല്ലാ സജ്ജനങ്ങൾക്കും ഈ ലോകത്ത് അവരർഹിക്കുന്ന കർമഫലം പൂർണമായി ലഭിക്കുകയില്ല. ജീവിതകാലം മുഴുവൻ സന്മാർഗനിഷ്ഠരായി വാഴുകയും ആ മാർഗത്തിൽ എണ്ണമറ്റ കഷ്ടനഷ്ടങ്ങളനുഭവിക്കുകയും ചെയ്തത് ഒടുവിൽ ഭൗതികമായ ഒരു സൗഭാഗ്യവും അനുഭവിക്കാതെ എത്രയോ പേർ മരിച്ചുപോകുന്നു. ചിലയാളുകൾ ധർമസമരത്തിൽ ജീവൻ ബലിയർപ്പിക്കുന്നു. ഇവർക്കൊക്കെ ഒരിക്കൽ അവരുടെ സൽക്കർമങ്ങൾക്കും ത്യാഗങ്ങൾക്കും ആത്മാർപ്പണത്തിനും ന്യായമായ പ്രതിഫലം ലഭിക്കേണ്ടതുണ്ട്. അതില്ലെങ്കിൽ ഭൗതിക ജീവിതത്തിൽ സത്യത്തിലും നീതിയിലും ഉറച്ചുനിൽക്കുന്നതും അതിനുവേണ്ടി ത്യാഗങ്ങളനുഷ്ഠിക്കുന്നതും, നിഷ്ഫലവും നിരർഥകവുമാകുന്നു. അതുപോലെ കൊടിയ അക്രമങ്ങളും അനീതികളും ചെയ്തുകൂട്ടിയ മനുഷ്യാധമന്മാർ ഒരു ശിക്ഷക്കും വിധേയരാകാതെ സുഖിച്ചു മദിച്ചു കഴിഞ്ഞുപോകുന്നു. എന്നെങ്കിലുമൊരിക്കൽ അവർ വിചാരണക്ക് വിധേയരാവുകയില്ലെങ്കിൽ അവരുടെ മർദനത്തിനിരയായവർക്ക് നീതി ലഭിക്കുന്നതെങ്ങനെയാണ്? എല്ലാവർക്കും സമ്പൂർണ നീതി ലഭിക്കുന്ന ഒരു ലോകം വരാനില്ലെങ്കിൽ പിന്നെ നീതിയും അനീതിയും തമ്മിലും, പുണ്യാത്മാവും ദുരാത്മാവും തമ്മിലും എന്തു വ്യത്യാസം?

ഈ ലോകത്ത് അടിസ്ഥാനപരമായി സത്യധർമങ്ങൾ അംഗീകരിച്ച എല്ലാവരും ഒരേ നിലവാരത്തിലുള്ളവരായിരിക്കുകയില്ല. ചിലരുടെ വിശ്വാസം കൂടുതൽ ദൃഢതയും സ്ഥൈര്യവുമുള്ളതായിരിക്കും. ചിലരുടേത് പരീക്ഷണ ഘട്ടങ്ങളിൽ തളർന്നുപോകുന്നു. അവർ വിശ്വാസം ആവശ്യപ്പെടുന്ന കർമസരണയിൽനിന്ന് വ്യതിചലിക്കുന്നു. ചിലരുടെ ജഡികാസക്തികൾ വിശ്വാസത്തെ അതിജയിക്കുന്നു. അവരും പലപ്പോഴും സന്മാർഗത്തിൽനിന്ന് അകന്നുപോകുന്നു. അല്ലാഹു ഓരോ വിശ്വാസിക്കും അവന്റെ വിശ്വാസത്തിന്റെ ദാർഢ്യവും കർമത്തിന്റെ ഗുണവുമനുസരിച്ചാണ് പ്രതിഫലം നൽകുക. കർമജീവിതം നൂറുശതമാനം സംശുദ്ധമായ വിശ്വാസികൾ അത്യപൂർവമാണ്. തെറ്റുകുറ്റങ്ങൾ മനുഷ്യസഹജമാണ്. ഒരു പാപവും ചെയ്യാത്തവരല്ല; ചെയ്ത പാപങ്ങൾ പൊറുക്കപ്പെട്ടവരാണ് സ്വർഗസ്ഥരാവുക. ചെയ്ത പാപങ്ങൾ അല്ലാഹുവിനോട് ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കുകയും ഇനിയതാവർത്തിക്കില്ലെന്ന് തീരുമാനിക്കുകയും ചെയ്യുന്നവരാണ് പാ പങ്ങൾ പൊറുക്കപ്പെടുന്നവർ; അല്ലാഹുവിങ്കൽനിന്ന് ഗൗരവമേറിയ അമാനത്ത് ഏറ്റെടുത്തിട്ട് അക്രമവും അവിവേകവും അനുവർത്തിച്ച ശേഷം വിവേകത്തിലേക്കും നീതിയിലേക്കും തിരിച്ചുവന്നവർ. അവർക്ക് അല്ലാഹു പരലോകത്ത് വിശിഷ്ടമായ വിഭവങ്ങൾ ഒരുക്കിവെച്ചിരിക്കുന്നു. ●